# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


150 YEARS OF CELEBRATING THE MAHATMA

## വാർത്താക്കുറിപ്പ്

**2023 ജൂലൈ 3**

---

## എം.ജി. സർവകലാശാലയിൽ പി.എച്ച്.ഡി രജിസ്ട്രേഷന് അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ പഠന വകുപ്പുകളിലും ഇന്റർ യൂണിവേഴ്സിറ്റി-ഇന്റർ സ്കൂൾ സെന്ററുകളിലും സർക്കാർ, എയ്ഡഡ് കോളജുകളിലെ അംഗീകൃത കേന്ദ്രങ്ങളിലും 2023 വർഷത്തെ പി.എച്ച്.ഡി രജിസ്ട്രേഷന് ജൂലൈ 31 വരെ അപേക്ഷിക്കാം.

ബന്ധപ്പെട്ട വിഷയത്തിൽ ബിരുദാനന്തര ബിരുദമുള്ളവരെയും മഹാത്മാ ഗാന്ധി സർവകലാശാലയുടെയോ മറ്റ് സർവകലാശാലകളുടെയോ ബിരുദാനന്തര ബിരുദത്തിന് തുല്യമായി അംഗീകരിക്കപ്പെട്ട പ്രഫഷണൽ ഡിഗ്രി 55 ശതമാനത്തിൽ കുറയാത്ത മാർക്കോടെയോ തത്തുല്യ ഗ്രേഡോടെയോ വിജയിച്ചവരെയുമാണ് പരിഗണിക്കുന്നത്.

നാല് വർഷത്തിലധികം ദൈർഘ്യമുള്ള എം.ബി.ബി.എസ്., ബി.എ.എം.എസ്., ബി.എച്ച്.എം.എസ്., ബി.ഡി.എസ്., ബി.വി.എസ്.സി., ബി.ടെക്ക് തുടങ്ങിയ പ്രൊഫഷണൽ യോഗ്യതയുള്ളവർക്കും നിശ്ചിത ശതമാനം മാർക്ക് ഉണ്ടെങ്കിൽ അപേക്ഷിക്കാം. ഇന്ത്യയിൽ അംഗീകരിച്ച എം.ഫിലിന് തുല്യമായ ബിരുദമോ വിദേശത്തെ ഏതെങ്കിലും വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്ന് തത്തുല്യ ബിരുദമോ നേടിയവർക്കും ചുരുങ്ങിയത് 55 ശതമാനം മാർക്കോടെ സി.എ., ഐ.സി.ഡ.ബ്ല്യൂ.എ., എ.സി.എസ്. യോഗ്യതയുള്ളവർക്കും അനുബന്ധ മേഖലകളിൽ ഗവേഷണത്തിനായി രജിസ്റ്റർ ചെയ്യാം.

പ്രവേശന പരീക്ഷയിൽ ഇളവ് അനുവദിക്കപ്പെട്ട വിഭാഗങ്ങളിൽപ്പെട്ടവർക്കും 2022-23 വർഷത്തെ പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയവർക്കും രജിസ്ട്രേഷന് അവസരമുണ്ട് ഈ വിഭാഗത്തിൽപ്പെട്ടവർ അപേക്ഷയ്ക്കൊപ്പം അനുബന്ധ രേഖകളും ഹാജരാക്കണം.

എസ്.സി., എസ്.ടി., ഒ.ബി.സി., ഒ.ഇ.സി., ഭിന്നശേഷി വിഭാഗക്കാർ 1991 സെപ്റ്റംബർ 19 ന് മുമ്പ് ബിരുദാനന്തര ബിരുദം എടുത്തിട്ടുള്ളവർ എന്നിവർക്കും യു.ജി.സി. പ്രത്യേകമായി ഇളവുകൾ അനുവദിച്ചിട്ടുള്ളവർക്കും യോഗ്യതാ മാർക്കിൽ അഞ്ച് ശതമാനത്തിന്റെ ഇളവ് അനുവദിച്ചിട്ടുണ്ട്.

താത്പര്യമുള്ളവർ അപേക്ഷയും അനുബന്ധ രേഖകളും research@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ ജൂലൈ 31ന് വൈകുന്നേരം അഞ്ചിനു മുൻപ് സമർപ്പിക്കണം. അപേക്ഷയുടെയും അനുബന്ധരേഖകളുടെയും പ്രിന്റ് ഔട്ട് ഡെപ്യൂട്ടി രജിസ്ട്രാർ 1 (അക്കാദമിക്), മഹാത്മാഗാന്ധി സർവ്വകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം - 686560' എന്ന വിലാസത്തിൽ ആഗസ്ത് 16 ന് മുമ്പ് ലഭ്യമാക്കുകയും വേണം.

പി.എച്ച്.ഡി. രജിസ്ട്രേഷന് ജനറൽ വിഭാഗത്തിന് 1105 രൂപയും എസ്.സി, എസ്.ടി. വിഭാഗങ്ങളിൽപ്പെട്ടവർക്ക് 830 രൂപയും വിദേശത്തു നിന്നുള്ള വിദ്യാർത്ഥികൾക്ക് 3150 രൂപയുമാണ് ഫീസ് നിരക്ക്.

കൂടുതൽ വിവരങ്ങൾ https://research.mgu.ac.in എന്ന പോർട്ടലിലും research@mgu.ac.in, aca2@mgu.ac.in, aca10@mgu.ac.in, aca11@mgu.ac.in, aca13@mgu.ac.in എന്നീ ഇ-മെയിൽ വിലാസങ്ങളിലും 0481-27335534, 2733585, 2733586, 2733588, 2733568 എന്നീ ഫോൺ നമ്പരുകളിലും ലഭിക്കും.

(പി.ആർ.ഒ/39/736/2023)

## അസിസ്റ്റൻറ് മാനേജർ; ഓൺലൈൻ ഇൻറർവ്യു 10ന്

മഹാത്മാഗാന്ധി സർവകലാശാലയിലെ ബിസിനസ് ഇന്നോവേഷൻ ആൻഡ് ഇൻക്യൂബേഷൻ സെൻററും കേരള സ്റ്റാർട്ടപ്പ് മിഷനും സംയുക്തമായി നടത്തുന്ന റിസർച്ച് ഇൻക്യുബേഷൻ പ്രോഗ്രാമിൽ അസിസ്റ്റൻറ് മാനേജർ - ടെക്നോളജി തസ്തികയിലെ ഒരൊഴിവിലേക്ക് മൂന്ന് മാസത്തേക്ക് താൽക്കാലിക നിയമനത്തിന് ഓൺലൈൻ ഇൻറർവ്യൂ നടത്തുന്നു. ജൂലൈ 10ന് രാവിലെ 11നാണ് ഇൻറർവ്യു.

ബി.ടെക് അല്ലെങ്കിൽ എം.ടെക് ബിരുദവും കുറഞ്ഞത് ആറു മാസത്തെ പ്രവൃത്തിപരിചയുമാണ് ആണ് യോഗ്യത. കേരള സ്റ്റാർട്ടപ്പ് മിഷൻറെ പ്രൊജക്ടുകളിൽ പ്രവൃത്തിപരിചയമുള്ളവർക്ക് മുൻഗണന. പ്രായപരിധി 22 മുതൽ 27 വരെ.

താൽപര്യമുള്ളവർ http://bit.ly/AsstMgr_Tech എന്ന ഗൂഗിൾ ഫോം ലിങ്ക് വഴി ജൂലൈ എട്ടിനകം വിശദാംശങ്ങൾ സമർപ്പിക്കണം.

ഷോർട്ട്ലിസ്റ്റ് ചെയ്യപ്പെടുന്നവരെ അഭിമുഖത്തിന് വിളിക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/737/2023)

## പ്രോജക്ട് ഇവാല്യുവേഷൻ, വൈവാ വോസി

പത്താം സെമസ്റ്റർ ഐ.എം.സി.എ(2018 അഡ്മിഷൻ റഗുലർ, 2017 അഡ്മിഷൻ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2016,2015 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) ജൂൺ 2023 പരീക്ഷയുടെ പ്രോജക്ട് മൂല്യനിർണയം, വൈവാ വോസി പരീക്ഷകൾ ജൂലൈ 19 മുതൽ അതത് കോളജുകളിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/738/2023)

## പ്രാക്ടിക്കൽ

നാലാം സെമസ്റ്റർ ബി.എഡ് സ്പെഷ്യൽ എജ്യുക്കേഷൻ - ലേണിംഗ് ഡിസെബിലിറ്റി ആൻറ് ഇൻറലക്ച്വൽ ഡിസെബിലിറ്റി - ജൂലൈ 2023 പരീക്ഷയുടെ(ക്രെഡിറ്റ് ആൻറ് സെമസ്റ്റർ - 2021 അഡ്മിഷൻ റഗുലറും സപ്ലിമെൻററിയും) പ്രായോഗിക പരീക്ഷ ജൂലൈ 18 മുതൽ 22 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും.

…………………………..

രണ്ടാം സെമസ്റ്റർ ഐ.എം.സി.എ(2021 അഡ്മിഷൻ റഗുലർ, 2020 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെൻററി), ഡി.ഡി.എം.സി.എ(2015,2016 അഡ്മിഷനുകൾ സപ്ലിമെൻററി, 2014 അഡ്മിഷൻ മെഴ്സി ചാൻസ്) ഏപ്രിൽ 2023 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 10 മുതൽ നടക്കും. വിശദ വിവരങ്ങൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/739/2023)

## പരീക്ഷാ ഫലം

2022 ഏപ്രിൽ നടന്ന മൂന്നാം സെമസ്റ്റർ എം.എ മലയാളം(പി.ജി.സി.എസ്.എസ് - 2017-18 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ജൂലൈ 16 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/740/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**